**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 208** **04-03-2025 - ൽ മറുപടിയ്ക്ക്**

**ആണവ നിലയം സ്ഥാപിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. വി. ഇബ്രാഹിം ,<br>ശ്രീ. പി. ഉബൈദുള്ള ,<br>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ ,<br>ശ്രീ. എൻ. ഷംസുദ്ദീൻ | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തിന്റെ വൈദ്യുത പ്രതിസന്ധി പരിഹരിക്കുന്നതിനായി ആണവ നിലയം സ്ഥാപിക്കുന്നതിന്റെ സാധ്യത പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ആണവനിലയം സ്ഥാപിക്കുന്നതിന് സർക്കാർ നയപരമായ തീരുമാനം എടുത്തിട്ടില്ല.<br><br>കേരളത്തിന്റെ തീരമേഖലയിൽ ഗണ്യമായ അളവിൽ ഗുണനിലവാരമുള്ള തോറിയം ലഭ്യമാണെന്നുള്ള കാര്യം സംസ്ഥാനം കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുണ്ട്. ഇത് സംസ്ഥാനത്തിന് ഗുണകരമായ രീതിയിൽ മറ്റ് സംസ്ഥാനങ്ങളിൽ വൈദ്യുതോൽപ്പാദനത്തിനായി പ്രയോജനപ്പെടുത്തി കേരളത്തിന് അർഹമായ വൈദ്യുതി വിഹിതം അനുവദിക്കണമെന്ന് 22.12.2024-ന് ബഹുമാനപ്പെട്ട വൈദ്യുതി വകുപ്പ് മന്ത്രി ബഹുമാനപ്പെട്ട കേന്ദ്ര ഊർജ്ജ വകുപ്പ് മന്ത്രിക്ക് നൽകിയ നിവേദനത്തിൽ അഭ്യർത്ഥിച്ചിട്ടുണ്ട്. |
| (ബി) | ആണവ നിലയം സ്ഥാപിക്കുന്നതിന് കേന്ദ്ര സർക്കാരിന്റെ സഹായം തേടിയിട്ടുണ്ടോ; വ്യക്തമാക്കാമോ; | (ബി) | ആണവനിലയം സ്ഥാപിക്കുന്നതിന് സർക്കാർ നയപരമായ തീരുമാനം എടുത്തിട്ടില്ല.<br><br>കേരളത്തിന്റെ തീരമേഖലയിൽ ഗണ്യമായ അളവിൽ ഗുണനിലവാരമുള്ള തോറിയം ലഭ്യമാണെന്നുള്ള കാര്യം സംസ്ഥാനം കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുണ്ട്. ഇത് സംസ്ഥാനത്തിന് ഗുണകരമായ രീതിയിൽ മറ്റ് സംസ്ഥാനങ്ങളിൽ വൈദ്യുതോൽപ്പാദനത്തിനായി പ്രയോജനപ്പെടുത്തി കേരളത്തിന് അർഹമായ വൈദ്യുതി വിഹിതം അനുവദിക്കണമെന്ന് 22.12.2024-ന് ബഹുമാനപ്പെട്ട വൈദ്യുതി വകുപ്പ് മന്ത്രി ബഹുമാനപ്പെട്ട കേന്ദ്ര ഊർജ്ജ വകുപ്പ് മന്ത്രിക്ക് നൽകിയ നിവേദനത്തിൽ അഭ്യർത്ഥിച്ചിട്ടുണ്ട്. |
| (സി) | സംസ്ഥാനത്ത് സുലഭമായ തോറിയം ഉപയോഗിച്ച് വൈദ്യുത നിലയം ആരംഭിക്കുന്നതിനുള്ള നിർദ്ദേശങ്ങളുണ്ടോ; വിശദമാക്കുമോ? | (സി) | ആണവനിലയം സ്ഥാപിക്കുന്നതിന് സർക്കാർ നയപരമായ തീരുമാനം എടുത്തിട്ടില്ല. |

| | | | |
|---|---|---|---|
| | | | കേരളത്തിന്റെ തീരമേഖലയിൽ ഗണ്യമായ അളവിൽ ഗുണനിലവാരമുള്ള തോറിയം ലഭ്യമാണെന്നുള്ള കാര്യം സംസ്ഥാനം കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുണ്ട്. ഇത് സംസ്ഥാനത്തിന് ഗുണകരമായ രീതിയിൽ മറ്റ് സംസ്ഥാനങ്ങളിൽ വൈദ്യുതോൽപ്പാദനത്തിനായി പ്രയോജനപ്പെടുത്തി കേരളത്തിന് അർഹമായ വൈദ്യുതി വിഹിതം അനുവദിക്കണമെന്ന് 22.12.2024-ന് ബഹുമാനപ്പെട്ട വൈദ്യുതി വകുപ്പ് മന്ത്രി ബഹുമാനപ്പെട്ട കേന്ദ്ര ഊർജ്ജ വകുപ്പ് മന്ത്രിക്ക് നൽകിയ നിവേദനത്തിൽ അഭ്യർത്ഥിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ